**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1804** **19-01-2021 - ൽ മറുപടിയ്ക്ക്**

**സേഫ് കേരള പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . എ . പ്രദീപ് കുമാർ ,<br>ശ്രീ . എം . മുകേഷ് ,<br>ശ്രീ എ. എൻ. ഷംസീർ,<br>ശ്രീ. ബി .സത്യൻ | | Shri. A. K. Saseendran<br>(ഗതാഗത വകുപ്പുമന്ത്രി) | |
| (എ) | സംസ്ഥാനത്ത് റോഡപകടങ്ങൾ കുറയ്ക്കുന്നതിനായി നടപ്പിലാക്കി വരുന്ന സേഫ് കേരളപദ്ധതിയുടെ വിശദാംശം നൽകാമോ; | (എ) | 24x7 സമയവും റോഡുകളിൽ എൻഫോഴ്സ്മെന്റ് സാന്നിദ്ധ്യം ഉറപ്പുവരുത്തു ന്നതിനും അതിലൂടെ അപകട നിരക്ക് കുറച്ചു കൊണ്ടുവരുന്നതിനും അപകടം ഉണ്ടായാൽ അടിയന്തര വൈദ്യസഹായം ഉറപ്പാക്കുക എന്ന ലക്ഷ്യത്തോടും കൂടിയാണ് കേരളത്തിൽ 14 ജില്ലകളിലും Artificial Intelligence Automated number plate recognition-നോടു കൂടിയ ക്യാമറകൾ സ്ഥാപിച്ച് സേഫ് കേരള എന്ന പദ്ധതി നടപ്പാക്കി വരുന്നത്. നിലവിൽ 240 ക്യാമറകൾ പ്രവർത്തിക്കുന്നു. കൂടാതെ കോഴിക്കോട് ജില്ലയിലും എറണാകുളം ജില്ലയിലും രണ്ട് കൺട്രോൾ റൂമുകൾ പ്രവർത്തന സജ്ജമായിട്ടുണ്ട്. |
| (ബി) | പൊതുജന പങ്കാളിത്തത്തോടെ ഗതാഗത നിയമ ലംഘകരെ കണ്ടെത്തുവാനും അതുവഴി റോഡപകടങ്ങൾ കുറയ്ക്കുവാനും തേർഡ് ഐ എൻഫോഴ്സ്മെന്റ് പ്രോജക്ട് നടപ്പാക്കി വരുന്നുണ്ടോയെന്ന് വിശദമാക്കാമോ; | (ബി) | കൺട്രോൾ റൂമുകൾ പ്രവർത്തനസജ്ജമാകുന്നതോടുകൂടി പൊതുജന പങ്കാളിത്തം കൂടി ഉൾപ്പെടുത്തികൊണ്ടുള്ള എൻഫോഴ്സ്മെന്റ് പദ്ധതികൾ നടപ്പിലാക്കും. പരിവാഹൻ സോഫ്റ്റ്വെയറിൽ ഇതിനുള്ള സംവിധാനങ്ങൾ ഉൾപ്പെടുത്തുന്നതാണ്. |
| (സി) | ദേശീയ, സംസ്ഥാന പാതകളിൽ കൂടുതൽ അപകടങ്ങൾ ഉണ്ടാകുന്ന സ്ഥലങ്ങളിൽ നിരീക്ഷണ ക്യാമറകൾ സ്ഥാപിച്ച് ഗതാഗത ലംഘനം കണ്ടുപിടിക്കുന്നതിന് റഡാർ സർവ്വയലൻസ് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ? | (സി) | നിലവിൽ മോട്ടോർ വാഹന വകുപ്പിന് 240-ഓളം ക്യാമറകൾ പ്രവർത്തിക്കുന്നു. Over speed, Red light violation detection camera-കൾ സ്ഥാപിച്ചിട്ടുണ്ട്. സേഫ് കേരള പദ്ധതിയുടെ ഭാഗമായി ഓരോ ജില്ലകളിലും 70 Artificial Intelligence Automated number plate recognition-നോടു കൂടിയ നിയമലംഘനങ്ങൾ കണ്ടുപിടിക്കാനുതകുന്ന ക്യാമറകൾ സ്ഥാപിക്കുന്ന പ്രവൃത്തി പുരോഗമിക്കുന്നു. |

സെക്ഷൻ ഓഫീസർ